# കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഇന്ദിരാ ആവാസ് യോജന - സംസ്ഥാന സർക്കാരിന്റെ അധിക ധനസഹായം 2014-15 വർഷത്തേക്ക് വീടൊന്നിന് 50,000/- രൂപ അനുവദിച്ച് ഉത്തരവാകുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ)നം.1176/2014/തസ്വഭവ                തിരുവനന്തപുരം, തീയതി, 16.05.2014

==========================================================================

പരാമർശം:-
1. 18.09.2012 ലെ സ.ഉ(സാധാ) നം. 2627/2012/തസ്വഭവ
2. 19.07.2013 ലെ സ.ഉ(കൈ) നം. 257/13/തസ്വഭവ
3. 23.04.2014ൽ ഗ്രാമവികസന കമ്മീഷണർ നൽകിയ 5667/ജെആർവൈ1/13/സിആർഡി നമ്പർ കത്ത്.
4. 23.04.2014 ലെ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 2.7 നമ്പർ തീരുമാനം.

## ഉത്തരവ്

15.09.2011 മുതൽ ഐ.എ.വൈ പ്രകാരം നിർമ്മിക്കുന്ന വീടുകൾക്ക് യൂണിറ്റ് കോസ്റ്റ് പട്ടികജാതി/ പൊതുവിഭാഗ ഗുണഭോക്താക്കൾക്ക് രണ്ട് ലക്ഷം രൂപയും പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് രണ്ടര ലക്ഷം രൂപയായും വർദ്ധിപ്പിച്ച സാഹചര്യത്തിൽ കേന്ദ്രസർക്കാർ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റായ 48,000/- രൂപക്ക് പുറമെയുള്ള തുക കണ്ടെത്തുന്നതിന് ത്രിതല പഞ്ചായത്തുകൾക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ അധിക ധനസഹായമായി 2012-13 സാമ്പത്തിക വർഷത്തിൽ വീടൊന്നിന് 75,000/- രൂപ അധിക ധനസഹായമായി പരാമർശം (1) പ്രകാരം അനുവദിക്കുകയുണ്ടായി. കേന്ദ്രസർക്കാർ യൂണിറ്റ് കോസ്റ്റ് 70,000/- രൂപയായി ഉയർത്തിയതിന്റെ അടിസ്ഥാനത്തിൽ 2013-14 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ അധിക ധനസഹായം വീടൊന്നിന് 50,000/- രൂപയായി പരാമർശം(2) പ്രകാരം കുറച്ച് ഉത്തരവായിരുന്നു. 2014-15 സാമ്പത്തിക വർഷത്തിലും അധികസഹായമായി 50,000/- രൂപ സംസ്ഥാന സർക്കാർ നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം(3) പ്രകാരം അപേക്ഷിച്ചിരുന്നു. 23.04.2014 ലെ കോ-ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിശോധിക്കുകയും 2014-15 ൽ ഐ.എ.വൈ. ഭവന പദ്ധതിക്ക് വീടൊന്നിന് മുൻവർഷത്തെ അതേ ടാർജറ്റ് തന്നെയായിരിക്കും എന്ന നിഗമനത്തിൽ അധിക ധനസഹായമായി 50,000/- രൂപ അനുവദിക്കാൻ സർക്കാരിനോട് ശുപാർശ ചെയ്യുകയുണ്ടായി.

മേൽ സാഹചര്യത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ ഐ.എ.വൈ. ഭവന പദ്ധതിക്ക് വീടൊന്നിന് അധിക ധനസഹായമായി 50,000/- രൂപ (അമ്പതിനായിരം രൂപ മാത്രം) സംസ്ഥാന സർക്കാർ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സത്യകുമാർ എസ്.,
ജോയിന്റ് സെക്രട്ടറി

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
6. തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്,
7. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
8. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
9. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ